പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1160

21.03.2013-ൽ മറുപടി നൽകേണ്ടത്

## കേരളത്തിലെ ഭൂരഹിതരും മിച്ചഭൂമിയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ ഭൂരഹിതരുടെ പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) കേരളത്തിൽ ആകെ എത്ര ഭൂരഹിതർ ഉണ്ടെന്ന് സർക്കാർ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര; | (ബി) കേരള സംസ്ഥാനത്തെ 2015 ആണ്ടോടുകൂടി ഭൂരഹിതരില്ലാത്ത സംസ്ഥാനമായി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി ആവിഷ്ക്കരിച്ച പദ്ധതിയാണ് Zero landless (Citizen) Kerala 2015. ഈ പദ്ധതി പ്രകാരം ലഭ്യമായ അപേക്ഷകൾ വില്ലേജ് ഓഫീസർ, തഹസീൽദാർ തലത്തിൽ പരിശോധന നടത്തി 15.08.2012-- ൽ 2,33,232 അർഹരായ ഭൂരഹിത കുടുംബങ്ങൾ ഉണ്ടെന്ന് കണ്ടെത്തി ലിസ്റ്റ് പ്രസിദ്ധീകരിച്ചു.<br>അപേക്ഷ സ്വീകരിക്കുന്നതിനുള്ള തീയതി വീണ്ടും 15.02.2013 വരെ ദീർഘിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകളുടെ അർഹത സംബന്ധിച്ച് അന്വേഷണം നടത്തി വരികയാണ്. |
| (സി) പെരുമ്പാവൂർ മണ്ഡലത്തിൽ എത്ര ഭൂരഹിതർ ഉണ്ട്, എത്ര മിച്ചഭൂമി ഉണ്ട്; | (സി) മണ്ഡലം അടിസ്ഥാനത്തിലല്ല കണക്ക് പ്രസിദ്ധീകരിച്ചത്. വില്ലേജ് തലത്തിലും താലൂക്ക് തലത്തിലും |

നടത്തിയ അന്വേഷണത്തിൽ അർഹരായി കണ്ടെത്തിയ ഭൂരഹിത കുടുംബങ്ങളുടെ ലിസ്റ്റ് 15.08.2012- ൽ പ്രസിദ്ധീകരിച്ചിരുന്നു. പുതുതായി ലഭിച്ച അപേക്ഷകളിൽ അന്വേഷണം നടത്തി വരികയാണ്.

| | |
|---|---|
| (ഡി) കേരളത്തിൽ പതിനഞ്ച് ഏക്കറിൽ കൂടുതൽ തോട്ടം ഇതര ഭൂമിയുള്ളവർ എത്ര; പരിധിയിൽ കൂടുതൽ എത്ര ഭൂമി ഇവർ കൈവശം വെയ്ക്കുന്നുണ്ട്; ഇതിൽ പെരുമ്പാവൂർ മണ്ഡലത്തിൽ എത്ര; വിശദാംശം നൽകുമോ? | (ഡി) വിവരം ശേഖരിച്ചു വരുന്നു. താലൂക്ക് ലാന്റ് ബോർഡുകളിൽ വിചാരണയിൽ ഇരിക്കുന്ന കേസുകളുടെ അന്തിമ ഉത്തരവ് വന്നാൽ മാത്രമേ കണക്കുകൾ ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ